**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 877 11.07.16 -ലെ മറുപടിയ്ക്ക്

## നെന്മാറ മണ്ഡലത്തിൽ സർക്കാർ - എയ്ഡഡ് കോളേജ്

*ചോദ്യം*

ശ്രീ.കെ. ബാബു :

*ഉത്തരം*

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് മേഖലയിൽ ആർട്സ്/സയൻസ് കോളേജ്, പോളിടെക്നിക് എന്നിവ ഇല്ലാത്ത നിയമസഭാ മണ്ഡലങ്ങളെ കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | പഠനം നടത്തിയിട്ടില്ല. കോളേജുകൾ, ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അതാത് നിയോജക മണ്ഡലത്തിലെ എം. എൽ. എ സമർപ്പിക്കുന്ന അപേക്ഷയിൻമേൽ ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാരിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി പരിശോധിക്കുന്നുണ്ട്. |
| (ബി) | നെന്മാറ നിയോജക മണ്ഡലത്തിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | നെൻമാറ എൻ.എസ്.എസ്. കോളേജ് ഈ മണ്ഡലത്തിൽ പ്രവർത്തിക്കുന്നുണ്ട്. |
| (സി) | നെന്മാറ നിയോജക മണ്ഡലത്തിൽ പുതിയ കോളേജ് അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | സർക്കാരിന്റെ നയപരമായ തീരുമാനമനുസരിച്ചാണ് പുതിയ കോളേജ് അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ